പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5119 — 06.02.2014 ൽ മറുപടി പറയേണ്ടിയിരുന്നത്

ഹർത്താലുകൾമൂലമുണ്ടാകുന്ന നഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) മുൻ സർക്കാരിന്റെ കാലത്ത് (2006-2011) യു.ഡി.എഫ്. ആഹ്വാനം ചെയ്ത ഹർത്താലുകൾ നടന്നത് ഏതെല്ലാം തീയതികളിലായിരുന്നു ; | (എ) യും (ബി) യും മുൻ സർക്കാരിന്റെ കാലത്ത് (2006-11) യു.ഡി.എഫ്. ആഹ്വാനം ചെയ്ത 2 സംസ്ഥാന ഹർത്താലുകൾ 19.02.2008, 07.05.2009 തീയതികളിൽ നടക്കുകയുണ്ടായി. ഇതേ കാലയളവിൽ നടന്ന ജില്ലാ/പ്രാദേശിക ഹർത്താലുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) ഇതേ കാലയളവിൽ യു.ഡി. എഫ്. നേതൃത്വത്തിലോ, യു.ഡി.എഫ്. ഘടകകക്ഷികളുടെ നേതൃത്വത്തിലോ, സംസ്ഥാന അടിസ്ഥാനത്തിലോ, പ്രാദേശികമായോ നടന്ന ഹർത്താലുകൾ ഏതെല്ലാം തീയതികളിൽ എവിടെയെല്ലാമായിരുന്നു ; | |
| (സി) ഓരോ ഹർത്താലിനും സംസ്ഥാനത്തിനുണ്ടായ നഷ്ടം സംബന്ധിച്ച് അന്നത്തെ പ്രതിപക്ഷനേതാവ് കണക്കുകൾ വല്ലതും ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ ; എങ്കിൽ കണക്കുകൾ വെളിപ്പെടുത്താമോ ; | (സി) പ്രതിപക്ഷനേതാവ് കണക്കുകൾ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ എന്ന വിവരം ലഭ്യമല്ല. നഷ്ടം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് പൂർണമായോ, ഭാഗികമായോ യു.ഡി.എഫ്. ആഹ്വാനം ചെയ്തതനുസരിച്ച് ഏതെല്ലാം തീയതികളിൽ എവിടെയെല്ലാം ഹർത്താലുകൾ നടക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 05.05.2012 ൽ യു.ഡി.എഫ്. ഒരു സംസ്ഥാന ഹർത്താൽ നടത്തിയിട്ടുണ്ട്. ജില്ലാ/പ്രാദേശിക ഹർത്താലുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ഇ) പ്രസ്തുത ഹർത്താൽ ദിനങ്ങളിൽ സംസ്ഥാനത്തുണ്ടായ നഷ്ടം സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഇ) ആഭ്യന്തര വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനതല ഹർത്താലിൽ 40,300 രൂപ (നാൽപ്പതിനായിരത്തി മുന്നൂറ് രൂപ) യുടെ നഷ്ടവും പ്രാദേശിക തലത്തിൽ നടന്ന ഹർത്താലിൽ 2,36,300/ രൂപയുടെ (രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി മുന്നൂറ് രൂപ)യുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. |

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ